# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

സെപ്റ്റംബർ 19

September 19 **2019**

*1193 കന്നി 3 വ്യാഴം*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### ടെലിവിഷൻ ജേർണലിസം : കെൽട്രോൺ അപേക്ഷ ക്ഷണിച്ചു

കെൽട്രോൺ നടത്തുന്ന ടെലിവിഷൻ ജേർണലിസം കോഴ്സിന്റെ 2019-2020 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്കും അവസാന വർഷ ഡിഗ്രി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. പ്രായ പരിധി 30 വയസ്. മാധ്യമ സ്ഥാപനങ്ങളിൽ പരിശീലനം, ഇന്റേൺഷിപ്പ്, പ്ലേസ്മെന്റ് സഹായം എന്നിവ പഠനസമയത്ത് നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. പ്രിന്റ് ജേർണലിസം, ഓൺലൈൻ ജേർണലിസം, മൊബൈൽ ജേർണലിസം എന്നിവയിലും പരിശീലനം ലഭിക്കും. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കാം. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷാ ഫോം ലഭിക്കും. KERALA STATE ELECTRONICS DEVELOPMENT CORPORATION Ltd (K.S.E.D.C.Ltd) എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 200 രൂപയുടെ ഡിഡി സഹിതം ഈ മാസം 30 നകം സെന്ററിൽ അപേക്ഷ ലഭിക്കണം .

വിലാസം: കെൽട്രോൺ നോളജ് സെന്റർ, സെക്കൻഡ് ഫ്ളോർ, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി ജംഗ്ഷൻ, വിമൻസ് കോളേജ് റോഡ്, വഴുതക്കാട്, തിരുവനന്തപുരം, 695014. ഫോൺ: 8137969292. (പിഎൻപി 2579/19)

### വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാല കോഴ്സ്

സാംസ്കാരിക വകുപ്പിന് കീഴിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ആഭിമുഖ്യത്തിൽ വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാല (നാല് മാസം)

കോഴ്സിൽ അപേക്ഷ ക്ഷണിച്ചു. ഡിപ്ലോമ ഇൻ സിവിൽ എൻജിനീയറിംഗ്, ആർക്കിടെക്ചർ, പ്രൊഫഷണൽ ഡിപ്ലോമ ഇൻ സിവിൽ ആൻഡ് കൺസ്ട്രക്ഷൻ എൻജിനീയറിംഗ് അല്ലെങ്കിൽ ഐടിഐ സിവിൽ ഡ്രാഫ്റ്റ്സ്മാൻ, കെജിസിഇ സിവിൽ എൻജിനീയറിംഗ്, ഐടിഐ ആർകിടെക്ചറൽ അസിസ്റ്റന്റ്ഷിപ്പ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷാഫോറം 200 രൂപയുടെ മണിയോർഡറോ പോസ്റ്റൽ ഓർഡറോ മുഖേന ഓഫീസിൽ നേരിട്ട് ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 31. അപേക്ഷ www.vastuvidyagurukulam.com എന്ന വെബ്സൈറ്റിൽ ഓൺലൈനായും സമർപ്പിക്കാം. ഫോൺ: 0468 2319740, 9847053294. (പിഎൻപി 2580/19)

## കരിയർ ഗൈഡൻസ് ക്യാമ്പ് നടത്തി

ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട 120 ഹയർ സെക്കൻഡറി വദ്യാർഥികൾക്ക് ദ്വിദിന കരിയർ ഗൈഡൻസ് ക്യാമ്പ് നടത്തി. തിരുവല്ല കൊമ്പാടി എ.എം.എം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ക്യാമ്പ് മാത്യു ടി.തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ പി.ബി.നൂഹ് വിദ്യാർഥികളുമായി സംവദിച്ചു. തിരുവല്ല തഹസീൽദാർ വി.എം.അഷ്റഫ്, ന്യൂനപക്ഷ യുവജനപരിശീലന കേന്ദ്രം പ്രിൻസിപ്പൽ പ്രൊഫ.തോമസ് ഡാനിയൽ തുടങ്ങിയവർ സംസാരിച്ചു. മോട്ടിവേഷൻ, കരിയർ ഗൈഡൻസ്, വ്യക്തിത്വവികസനം, നേതൃത്വ പരിശീലനം, ടൈം മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ നെൽസൺ പി.എബ്രഹാം, അജി ജോർജ്, വിഷ്ണു ലോന ജേക്കബ്, സഞ്ചു റ്റി.കുര്യൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. (പിഎൻപി 2581/19)

## അടൂർ എൽബിഎസ് സെന്ററിൽ ഡിസിഎ, പിജിഡിസിഎ കോഴ്സുകൾക്ക് അപേക്ഷിക്കാം

സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള അടൂർ എൽബിഎസ് സബ്സെന്ററിൽ ബിരുദം പാസായവർക്ക് ഒരു വർഷ പിജിഡിസിഎ കോഴ്സിനും പ്ലസ്ടു/ഡിപ്ലോമ പാസായവർക്ക് ആറ് മാസം ദൈർഘ്യമുള്ള ഡിസിഎ(എസ്)നും എസ്എസ്എൽസി പാസായവർക്ക് ഒരു വർഷ ഡിസിഎ കോഴ്സിനും അപേക്ഷിക്കാം. എസ്.സി, എസ്.റ്റി, ഒ.ഇ.സി വിദ്യാർഥികൾക്ക് ഫീസ് സൗജന്യമാണ്. കൂടുതൽ വിവരം സെന്ററിൽ ലഭിക്കും. ഫോൺ: 9947123177. (പിഎൻപി 2582/19)

## പഠനമുറി അനുവദിക്കുന്നതിന് അപേക്ഷിക്കാം

പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് പഠനമുറി പദ്ധതിയിൽ പഠനമുറി അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഗവൺമെന്റ്, എയ്ഡഡ്/ടെക്നിക്കൽ സ്പെഷ്യൽ സ്കൂളുകളിൽ എട്ട് മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന പത്തനംതിട്ട മുനിസിപ്പാലിറ്റി നിവാസികളായ പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് അപേക്ഷിക്കാം. കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കരുത്. താത്പര്യമുള്ളവർ ജാതി, വരുമാന സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഒക്ടോബർ മൂന്നിന് വൈകിട്ട് മൂന്നിനകം ഇലന്തൂർ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ നൽകണം. ഫോൺ: 8547630042.

(പിഎൻപി 2583/19)

## ശബരിമല തീർഥാടനം : കരാർ നിയമനം

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് റാന്നി-പെരുനാട് ഗ്രാമപഞ്ചായത്തിൽ റോഡുകളിലും പൊതുഇടങ്ങളിലും ശുചീകരിക്കുന്നതിന് ശുചീകരണ തൊഴിലാളികളെയും

കുളിക്കടവുകളിൽ സുരക്ഷാ ക്രമീകരണങ്ങൾക്കായി ലൈഫ് ഗാർഡുമാരെയും പമ്പയിൽ പ്രവർത്തിക്കുന്ന മരണരജിസ്ട്രേഷൻ കിയോസ്കിൽ കംപ്യൂട്ടർ പരിജ്ഞാനമുള്ളവരെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. താത്പര്യമുള്ളവർ ഈ മാസം 30ന് മുമ്പ് പഞ്ചായത്ത് ഓഫീസിൽ നേരിട്ട് അപേക്ഷ നൽകണമെന്ന് സെക്രട്ടറി അറിയിച്ചു. കൂടുതൽ വിവരം പഞ്ചായത്ത് ഓഫീസിൽ ലഭിക്കും. ഫോൺ: 04735 240230, 9496042659.

(പിഎൻപി 2584/19)

## കെട്ടിട നികുതി കളക്ഷൻ ക്യാമ്പ്

പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒടുക്കേ കെട്ടിട നികുതി സ്വീകരിക്കുന്നതിന് വിവിധ കേന്ദ്രങ്ങളിൽ കളക്ഷൻ ക്യാമ്പ് നടത്തും. കളക്ഷൻ ക്യാമ്പ് നടത്തുന്ന വാർഡ്, തീയതി, കേന്ദ്രം എന്നിവ ചുവടെ.

പെരുമ്പുളിക്കൽ 23ന് ദേവരുക്ഷേത്രം, മന്നം നഗർ 25ന് പുലിയംമഠം, പടുക്കോട്ടുക്കൽ 30ന് കൊച്ചുകുറ്റി ജംഗ്ഷൻ, ഭഗവതിക്കുംപടിഞ്ഞാറ് 30ന് എസ്.സി.ബി 442, ഇടമാലി 27ന് ഒരിപ്പുറം വായനശാല, പാറക്കര 24ന് തോലുഴം ജംഗ്ഷൻ, മങ്കുഴി 23ന് പാറക്കര എൻഎസ്എസ്എൽപിഎസ്, മല്ലിക 28ന് പിഎച്ച്സി പന്തളം തെക്കേക്കര, മാമ്മൂട് 25ന് മാമ്മൂട് ജംഗ്ഷൻ, പൊങ്ങലടി 24ന് വയണമൂട് ജംഗ്ഷൻ, ചെറിലയം 27ന് ജിഎൽപിഎസ് ചെറിലയം, പറന്തൽ 28ന് പറന്തൽ ജംഗ്ഷൻ. (പിഎൻപി 2585/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവല്ലയിൽ നടത്തിയ കരിയർ ഗൈഡൻസ് ക്യാമ്പ് മാത്യു ടി.തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.






വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**സെപ്റ്റംബർ 19**

**September 19**

**2019**

***1193 കന്നി 3 വ്യാഴം***

# പത്രക്കുറിപ്പ് -2



www.prd.kerala.gov.in, diopta1@gmail.com **ഫോൺ0468-2222657**


**കാവുകൾക്ക് ധനസഹായം**

കാവുകളുടെ സംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് സംസ്ഥാന വനം വന്യജീവി വകുപ്പ് അപേക്ഷ ക്ഷണിച്ചു. വ്യക്തികൾ, ദേവസ്വം, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കാവുകൾക്ക് ആനുകൂല്യം ലഭിക്കും. താത്പര്യമുള്ള കാവ് ഉടമസ്ഥർ കാവിന്റെ വിസ്തൃതി, ഉടമസ്ഥത സംബന്ധിക്കുന്ന രേഖകൾ, ഫോട്ടോഗ്രാഫ് എന്നിവ സഹിതം ഒക്ടോബർ 22നകം എലിയറയ്ക്കലുള്ള സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ നൽകണം. മുമ്പ് ധനസഹായം ലഭിച്ചവർ വീ ും അപേക്ഷിക്കേ തില്ല. (പിഎൻപി 2586/19)

**വനമിത്ര അവാർഡ്**

ജൈവ വൈവിധ്യ സംരക്ഷണത്തിന്റെയും വന സംരക്ഷണ പ്രവത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ജില്ലയിലെ വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ എന്നിവർക്ക് വനമിത്ര പുരസ്കാരത്തിന് അപേക്ഷിക്കാം. പ്രവർത്തനങ്ങളുടെ ലഘുവിവരണം, ഫോട്ടോ എന്നിവ സഹിതമുള്ള അപേക്ഷ ഒക്ടോബർ 22നകം എലിയറയ്ക്കലുള്ള സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകണം. അപേക്ഷാഫോറം ഓഫീസിൽ ലഭിക്കും. ഒരിക്കൽ പുരസ്കാരം ലഭിച്ചവർ അടുത്ത അഞ്ച് വർഷത്തേക്ക് പുരസ്കാരത്തിന് അപേക്ഷിക്കാൻ പാടില്ല. കൂടുതൽ വിവരം www.keralaforest.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0468 2243452.
(പിഎൻപി 2587/19)

## ടെൻഡർ

ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് മുഖേന 2019-20 വർഷം നടപ്പാക്കുന്ന ര ് മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ ടെൻഡർ ക്ഷണിച്ചു. കൂടുതൽ വിവരം www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0468 2224070. (പിഎൻപി 2588/19)

## സാധ്യതാ പട്ടിക

ജില്ലയിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 419/17) തസ്തികയിലേക്കുള്ള ഉദ്യോഗാർഥികളുടെ സാധ്യതാ പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചു. (പിഎൻപി 2589/19)

## മെഴുവേലി പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നു

ക്ഷീരവികസന വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന 10 ക്ഷീരഗ്രാമങ്ങളിൽ ഒന്നായി മെഴുവേലി പഞ്ചായത്തിനെ തെരഞ്ഞെടുത്തു. പദ്ധതിയിലൂടെ പഞ്ചായത്തിലെ ക്ഷീരകർഷകർക്കായി 50 ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിലൂടെ മെഴുവേലി പഞ്ചായത്തിൽ നിലവിലുള്ള പാൽ സംഭരണം 2000 ലിറ്ററായി വർധിപ്പിക്കുവാൻ കഴിയും.

പദ്ധതിയിലൂടെ ര ് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, കിടാരി യൂണിറ്റ്, തൊഴുത്ത് നിർമ്മാണം, കർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം, ധാതുലവണ മിശ്രിതം തുടങ്ങിയവ വിതരണം ചെയ്യും.

പദ്ധതിയുടെ അപേക്ഷ ഫോറം കുളനട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന ഓഫീസിലും മെഴുവേലി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളിലും ലഭിക്കും. അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ഒക്ടോബർ അഞ്ചിനകം കുളനട ക്ഷീരവികസന ഓഫീസിൽ നൽകണമെന്ന് ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. (പിഎൻപി 2590/19)

## മണ്ണ്- ജല സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങി

കടമ്പനാട് പഞ്ചായത്ത് 12-ാം വാർഡിൽ ഉൾപ്പെട്ട ആലിലക്കുഴി-പാ ിമലപ്പുറം കോളനിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ജില്ലാ പഞ്ചായത്തംഗം ബി.സതികുമാരി ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി പ്രകാരം 10 ലക്ഷം രൂപ ചെലവിൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. (പിഎൻപി 2591/19)

## ഫോട്ടോ അടിക്കുറിപ്പ്

2) ആലിലക്കുഴി-പാ ിമലപ്പുറം കോളനിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തംഗം ബി.സതികുമാരി ഉദ്ഘാടനം ചെയ്യുന്നു.




വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.